ഡോ. അബ്ദുസ്സലാം വാണിയമ്പലം

# 2007 ആശാവഹമായ പരീക്ഷണങ്ങൾ, പുതിയ ചുവടുവെപ്പുകൾ



ഉർദുഗാൻ അബ്ദുല്ല ഗുൽ

**2001** സെപ്റ്റംബർ 11-നു ശേഷമുള്ള ഓരോ വർഷവും ഇസ്‌ലാമിനെയും ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനങ്ങളെയും സംബന്ധിച്ചേടത്തോളം നിർണായകവും ഉദ്വേഗജനകവുമായിരുന്നു. ഭീകരതക്കെതിരായുള്ള പോരാട്ടത്തിന്റെ മറവിൽ മുസ്‌ലിം സമൂഹങ്ങളെയും രാഷ്ട്രങ്ങളെയും പൊതുവിലും ഇസ്‌ലാമിക നവജാഗരണത്തെ സൂചിപ്പിക്കുന്ന സകല അടയാളങ്ങളെയും വിശേഷിച്ചും തച്ചുതകർക്കാനുള്ള ശ്രമങ്ങൾക്കു മുമ്പിൽ ഇസ്‌ലാം കീഴടങ്ങുമോ എന്ന ആശങ്കയുടെ മുൾമുനയിൽ നിൽക്കുന്നതുകൊണ്ടാണ് ഈ ഉദ്വേഗം.

ആശങ്കകൾക്ക് വിരുദ്ധമായി സെപ്റ്റംബർ സംഭവങ്ങൾക്കുശേഷം ഇസ്‌ലാമിന് പ്രതീക്ഷകൾ വർധിപ്പിച്ചുകൊണ്ടാണ് ഓരോ വർഷവും കടന്നുപോയത്. അമേരിക്കയിലും യൂറോപ്പിലും ഇസ്‌ലാമിനെ പഠിക്കാൻ പൊതുസമൂഹം പ്രകടിപ്പിച്ച അന്വേഷണൗത്സുക്യം, ഇസ്‌ലാം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ വന്ന വർധനവ്, ഈജിപ്ത്, മൊറോക്കോ, ഫലസ്ത്വീൻ, പാകിസ്താൻ തുടങ്ങി എവിടെയൊക്കെ തെരഞ്ഞെടുപ്പ് നടന്നുവോ അവിടങ്ങളിലൊക്കെയും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നടത്തിയ വമ്പിച്ച മുന്നേറ്റങ്ങൾ, അധിനിവേശ ശക്തികൾക്കെതിരെ അഫ്ഗാനിസ്താനിലും ഇറാഖിലുമുണ്ടായ ശക്തമായ ചെറുത്തുനിൽപു പോരാട്ടങ്ങൾ എന്നിവ, ഇസ്‌ലാം നവ കൊളോണിയലിസത്തെ അതിജീവിക്കുന്നതിന്റെ അടയാളങ്ങളായാണ് വിലയിരുത്തപ്പെട്ടത്. സർവോപരി, സാമ്രാജ്യത്വത്തോടൊപ്പം വന്ന സാംസ്കാരിക അധിനിവേശത്തെ മുൻകാലങ്ങളിൽനിന്നു ഭിന്നമായി മുസ്‌ലിം ലോകം ഏറക്കുറെ നിരാകരിച്ചതും, ഒരു കാലത്ത് ഇസ്‌ലാമിസ്റ്റുകൾക്കുമാത്രം ചതുർഥിയായിരുന്ന അമേരിക്കൻ സാമ്രാജ്യത്വം മുഴുവൻ മുസ്‌ലിംലോകത്തിനും അറപ്പും വെറുപ്പുമുളവാക്കുന്ന അശ്ലീലമായിത്തീർന്നതും അതിജീവനത്തിന്റെ അടയാളമായിരുന്നു.

പ്രതീക്ഷാ നിർഭരമായ ഈ പൊതുപ്രവണതകളിൽനിന്ന് ഏറെ

യൊന്നും വ്യത്യാസങ്ങൾ രേഖപ്പെടുത്താതെയാണ് 2007 കടന്നുപോയത്. എന്നല്ല ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ സംബന്ധിച്ചേടത്തോളം ആശാവഹമായ പരീക്ഷണങ്ങൾക്കും പുതിയ ചുവടുവെപ്പുകൾക്കും പോയ വർഷം സാക്ഷിയായി.

ഈ ഗണത്തിൽ ഏറെ പ്രസ്താവ്യമായത് തുർക്കിയിലെ റജബ് ത്വയ്യിബ് ഉർദുഗാന്റെ ജസ്റ്റിസ് & ഡവലപ്മെന്റ് പാർട്ടിയുടെ മുന്നേറ്റമാണ്. പ്രസിഡന്റ് സ്ഥാനത്തേക്കുള്ള അബ്ദുല്ലാ ഗുലിന്റെ നാമനിർദേശത്തെ പട്ടാളവും സെക്കുലരിസ്റ്റുകളും അദ്ദേഹത്തിന്റെ ഇസ്‌ലാമിക പ്രതിബദ്ധതയുടെ പേരിൽ നിരാകരിച്ചപ്പോൾ പൊതുതെരഞ്ഞെടുപ്പിലൂടെ ജനങ്ങളെ സമീപിക്കാൻ സംഘടന സാഹസം കാണിച്ചു. 2007 ജൂലൈ 22-ന് നടന്ന തെരഞ്ഞെടുപ്പിൽ 46.7 ശതമാനം വോട്ടിന്റെ പിൻബലത്തോടെ 340 സീറ്റുമായി ജസ്റ്റിസ് പാർട്ടി അധികാരത്തിൽ തിരിച്ചെത്തി. കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ 13 ശതമാനം വോട്ട് അധികം നേടിയെടുത്ത പാർട്ടി, അദ്നാൻ മന്ദരീസിന് ശേഷം തുർക്കിയിൽ തുടർച്ചയായി രണ്ടു തവണ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയെന്ന റെക്കാഡും ഉർദുഗാന് നേടിക്കൊടുത്തു. ഭാര്യ തല മറച്ചതിന്റെ പേരിൽ സ്ഥാനാർഥിത്വം വിലക്കപ്പെട്ട അബ്ദുല്ലാഗുൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

തീവ്ര സെക്യുലരിസത്തിന്റെ നാട്ടിൽ സാഹചര്യത്തിനനുസരിച്ച സ്ട്രാറ്റജി സ്വീകരിച്ച് സമർഥമായി കരുനീക്കങ്ങൾ നടത്തിയതാണ് ജസ്റ്റിസ് പാർട്ടിയെ തുണച്ചത്.

ഭാര്യയെ പർദയണിപ്പിച്ച ഉർദുഗാൻ പർദയണിയാത്ത വനിതകളെ തന്റെ പാർട്ടിയുടെ ബാനറിൽ മത്സരത്തിനിറക്കി. പഴയ സെക്യുലരിസ്റ്റ് പശ്ചാത്തലമുള്ളവരെ ബോധപൂർവം സ്ഥാനാർഥികളാക്കി. സെക്യുലരിസ്റ്റുകൾക്ക് വാചാമറുപടി പറയുന്നതിനു പകരം സാമൂഹിക നീതിയുടെയും സാമ്പത്തിക പുരോഗതിയുടെയും നേട്ടങ്ങൾ കൈവരിച്ച് പ്രായോഗിക മറുപടി നൽകി. നിലവിലുള്ള എംപിമാരിൽ പകുതിയോളം പേരെ മാറ്റി പുതുമുഖങ്ങളെ അണിനിരത്തി. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാൽ താനിനി രാഷ്ട്രീയത്തിലേക്കില്ലെന്ന് ജനങ്ങളെ അറിയിച്ചു. അമേരിക്കയും യൂറോപ്യൻ യൂനിയനുമായി സമരത്തിനു നിൽക്കാതെ അവരെ ആശ്വസിപ്പിച്ചുനിർത്താൻ വേണ്ട തന്ത്രങ്ങൾ സ്വീകരിച്ചു.

ഇത്തരം സമീപനങ്ങൾ ഇസ്‌ലാമിക നയങ്ങളിൽനിന്നുള്ള പിന്മാറ്റമല്ലെന്നും തീർത്തും പ്രതികൂലമായ സാഹചര്യങ്ങളിൽ ജനകീയ ജനാധിപത്യത്തെ ഉപയോഗിച്ച് മൃഗീയ സെക്യുലരിസത്തെ നേരിടുന്ന യജ്ഞമാണെന്നും നിലപാടുകളിലെ ഇത്തരം ക്രമാഗതങ്ങൾ മാനിക്കണമെന്നും പ്രമുഖ പണ്ഡിതനും ലബനാനിലെ അൽജമാഅഃ അൽഇസ്‌ലാമിയ്യയുടെ സെക്രട്ടറി ജനറലുമായ ശൈഖ് ഫൈസൽ മൗലവി വിലയിരുത്തിയത് ശ്രദ്ധേയമാണ്. എതിർപക്ഷവുമായി ഏറ്റുമുട്ടാൻ നിൽക്കാതെ മിതനിലപാട് സ്വീകരിച്ച് മുന്നോട്ടുപോകാൻ പ്രസ്ഥാനങ്ങൾക്ക് പ്രേരണ നൽകുന്നതാണ് തുർക്കിയിലെ ഇസ്‌ലാമിസ്റ്റുകളുടെ വിജയം എന്ന് ഇഖ്‌വാൻ നേതാവും പ്രമുഖ രാഷ്ട്രീയ നിരീക്ഷകനുമായ ഡോ. ഉസാമ അൽ ഉർയാൻ അഭിപ്രായപ്പെട്ടതും ചേർത്തുവായിക്കണം.

ഇസ്‌ലാമിക ദേശീയത, ഇസ്‌ലാമിക യു. എൻ, ഇസ്‌ലാമിക നാറ്റോ തുടങ്ങിയ മുദ്രാവാക്യങ്ങളിലൂടെ ഇസ്‌ലാമിക അജണ്ടയെ നേർക്കുനേരെ അവതരിപ്പിക്കുന്ന രീതി സ്വീകരിച്ചുവരുന്ന നജ്മുദ്ദീൻ അർബകാന്റെ പാർട്ടിക്ക് തെരഞ്ഞെടുപ്പിൽ 2.34 ശതമാനം വോട്ടുകൾ മാത്രമാണ് ലഭിച്ചത്. അർബകാന്റെ അനുയായികളിൽ പലരും ഇത്തവണ ഉർദുഗാനെ പിന്തുണച്ചതായാണ് റിപ്പോർട്ട്. സെക്യുലരിസ്റ്റ് കേന്ദ്രങ്ങളായി അറിയപ്പെടാത്ത മണ്ഡലങ്ങളിൽ പോലും ജസ്റ്റിസ് പാർട്ടി വിജയിച്ചുവെന്നത്, അത് ശരിയായിരിക്കാനുള്ള സാധ്യതയെ ബലപ്പെടുത്തുന്നുണ്ട്.

മൊറോക്കയിലെ ഇസ്‌ലാമിക പ്രസ്ഥാനമായ ഹർകതുത്തൗഹീദി വൽ ഇസ്‌ലാഹിന്റെ രാഷ്ട്രീയ വേദി ജസ്റ്റിസ് & ഡവലപ്മെന്റ് പാർട്ടി കഴിഞ്ഞ സെപ്റ്റംബറിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ രണ്ടാമത്തെ കക്ഷിയായി ഉയർന്നതാണ് ഇസ്‌ലാമിസ്റ്റുകളെ സംബന്ധിച്ചേടത്തോളം 2007-ലെ മറ്റൊരു പ്രധാന നേട്ടം. തെരഞ്ഞെടുപ്പിൽ പങ്കെടുത്ത 33 കക്ഷികൾക്കിടയിൽനിന്നാണ് ഏറ്റവും വലിയ രണ്ടാം കക്ഷി എന്ന സ്ഥാനം പാർട്ടിക്ക് ലഭിച്ചത്. കഴിഞ്ഞ തവണ 42 സീറ്റ് ആയിരുന്നത് ഇത്തവണ 46 ആയി വർധിച്ചു. ഈ പ്രകടനം പക്ഷേ ഇസ്‌ലാമിസ്റ്റുകളെ ഏറെ സന്തോഷിപ്പിക്കുന്നില്ല. കാരണം ഒന്നാം സ്ഥാനമായിരുന്നു സംഘടന ലക്ഷ്യമിട്ടിരുന്നത്.

അൾജീരിയയിൽ മെയ് 17-ന് നടന്ന തെരഞ്ഞെടുപ്പിൽ ഹർകത്തു മുജ്തമഇസ്സിൽമ് (ഹംസ്) നേടിയ വിജയമാണ് പോയ വർഷത്തെ മറ്റൊരു ശ്രദ്ധേയ സംഭവം. നേരത്തേ 39 സീറ്റുണ്ടായിരുന്ന സംഘടനക്ക് 13 സീറ്റുകളുടെ വർധനവോടെ 52 സീറ്റുമായി ഉജ്ജ്വല വിജയം നേടാൻ സാധിച്ചു. 13.3 ശതമാനം വോട്ടുകൾ നേടിയ ഹംസ് രാജ്യത്തെ ഏറ്റവും വലിയ മൂന്നാമത്തെ കക്ഷിയും ഭരണസഖ്യത്തിൽ അംഗവുമാണ്. അബ്ബാസി മദനിയുടെ ജബ്ഹത്തുൽ ഇൻഖാദ് തീവ്രവാദ നിലപാടുകളിലേക്ക് വഴുതിയപ്പോൾ ജനാധിപത്യ പ്രക്രിയയിൽ ഉറച്ചുനിന്ന് സമാധാനപൂർവം പ്രവർത്തിച്ചുപോന്ന ഇഖ്‌വാൻ വേദിയായ ഹംസ് അൾജീരിയൻ രാഷ്ട്രീയത്തിൽ സ്വാധീനമാർജിക്കുന്നതിന്റെ തെളിവുകളാണ് ഓരോ തെരഞ്ഞെടുപ്പും.

തെരഞ്ഞെടുപ്പിൽ ഇസ്‌ലാമിസ്റ്റുകൾ തിരിച്ചടി നേരിട്ടതിനും 2007 സാക്ഷിയായി. ജോർദാനിലെ ഇഖ്‌വാന്റെ രാഷ്ട്രീയ വേദിയായ ജബ്ഹത്തുൽ അമലിൽ ഇസ്‌ലാമി. 17 പാർലമെന്റ് അംഗങ്ങളുണ്ടായിരുന്ന സംഘടനക്ക് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 6 സീറ്റ് മാത്രമാണ് ലഭിച്ചത്. സൗഹൃദം നടിച്ച് രാജഭരണകൂടം തെരഞ്ഞെടുപ്പ് കൃത്രിമത്തിലൂടെ ഇസ്‌ലാമിസ്റ്റുകളെ തോൽപിക്കുകയായിരുന്നു എന്ന് പറയപ്പെടുന്നു. ഇലക്ഷനിൽ സംഘടന പരാജയപ്പെട്ടതിനേക്കാൾ ശ്രദ്ധേയമായത്, നേതൃത്വം രാജിവെച്ചതും ശൂറ പിരിച്ചുവിട്ടതുമാണ്. നടക്കാൻ പോകുന്ന സംഭവങ്ങളെ മുൻകൂട്ടി കാണാൻ തങ്ങൾക്ക് സാധിച്ചില്ലെന്ന് സ്വയം വിലയിരുത്തിയ ശൂറ രാജിവെക്കുകയും പുതിയ ശൂറാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

2007-ൽ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ ശ്രദ്ധേയമായൊരു കാൽവെപ്പ് നടത്തി. ഒരു രാഷ്ട്രീയ പർട്ടിയുണ്ടാക്കുന്നതിന്റെ മുന്നോടിയായി ഇഖ്‌വാൻ രാഷ്ട്രീയ അജണ്ട തയാറാക്കുകയും ഈജിപ്തിലെ ബുദ്ധിജീവികളും എഴുത്തുകാരുമുൾപ്പെടുന്ന പൊതുസമൂഹത്തിന്റെ ചർച്ചക്ക് സമർപ്പിക്കുകയും ചെയ്തു. ഒരു സംഘടന തങ്ങളുടെ പ്രോഗ്രാം പൊതുസമൂഹത്തിന്റെ ചർച്ചക്ക് വിട്ടുകൊടുത്തതും അവരുടെ കൂടി അഭിപ്രായമറിഞ്ഞ ശേഷമേ അജണ്ടക്ക് അന്തിമരൂപം നൽകുകയുള്ളുവെന്ന് പ്രഖ്യാപിച്ചതും പുതിയ അനുഭവമാണ്.

രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ച തങ്ങളുടെ സങ്കൽപവും സമീപനവും

വ്യക്തമാക്കുന്ന രേഖ, സാമ്പത്തിക പ്രശ്നങ്ങൾക്ക് മാത്രമല്ല സാമ്പത്തിക -വികസന-വിദ്യാഭ്യാസ പരിഷ്കരണങ്ങൾക്കും മൂർത്തമായ ബദൽ നിർദേശങ്ങൾ സമർപിച്ചിട്ടുണ്ട്. രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്ക് അധികാരത്തിൽ പങ്കാളിത്തം വാഗ്ദാനം ചെയ്യുന്ന രേഖ പ്രസിഡന്റ് പദവിയൊഴികെയുള്ള ഏതു സ്ഥാനവും അവർക്ക് നൽകപ്പെടും എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. സ്ത്രീകൾക്കും മന്ത്രിപദവിയുൾപ്പെടെയുള്ള രാഷ്ട്രീയ പങ്കാളിത്തം രേഖ വിഭാവനം ചെയ്യുന്നു.

രാഷ്ട്രീയ രേഖയെക്കുറിച്ച പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട്, റാശിദുൽ ഗനൂശിയെപോലുള്ളവർ മതന്യൂനപക്ഷങ്ങൾക്കും സ്ത്രീകൾക്കും പ്രസിഡന്റ് പദവി നൽകാതിരിക്കുന്ന സമീപനത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചതും ശ്രദ്ധേയമായി.

കഴിഞ്ഞ വർഷമുണ്ടായ ഇസ്ലാമിസ്റ്റുകളുടെ രാഷ്ട്രീയ പങ്കാളിത്തത്തിൽ എടുത്തുപറയേണ്ടതാണ് ഇറാഖിലെ തെരഞ്ഞെടുപ്പിൽനിന്ന് മറ്റു സുന്നി ഗ്രൂപ്പുകളോടൊപ്പം വിട്ടുനിന്നിരുന്ന ഇഖ്‌വാൻ വേദിയായ അൽഹിസ്ബുൽ ഇസ്ലാമീ തീരുമാനം തിരുത്തിയതും രാഷ്ട്രീയ പ്രക്രിയയിൽ സജീവ പങ്കാളിത്തം വഹിക്കാൻ മുന്നോട്ടുവന്നതും. 'ജബ്ഹതുത്തവാഫുഖ്' എന്ന പേരിൽ കൂട്ടായ്മക്ക് രൂപം നൽകിയ ഇഖ്‌വാൻ, വൈസ്പ്രസിഡന്റ് പദവി സ്വീകരിച്ച് പോയവർഷം ഭരണത്തിലും പങ്കാളിയായി. അൽഹിസ്ബുൽ ഇസ്ലാമിയുടെ സെക്രട്ടറി ജനറലായിരുന്ന ത്വാരിഖ് ഹാശിമി ഇപ്പോൾ ഇറാഖിന്റെ വൈസ് പ്രസിഡന്റാണ്. അതേയവസരം, അമേരിക്കൻ അധിനിവേശത്തിനെതിരെയുള്ള ചെറുത്തുനിൽപ് ഫീൽഡിൽ സംഘടന ശക്തമായി തുടരുന്നുമുണ്ട്.

ഫലസ്ത്വീനിൽ ഹമാസ് ഗസ്സ പിടിച്ചടക്കിയത് 2007-ലാണ്. 2006 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയ ഹമാസ്, ഫതഹിനു കൂടി അധികാരത്തിൽ പങ്കാളിത്തം നൽകി. പൊതുശത്രുവിനെതിരെ ഒന്നിച്ചുനീങ്ങാൻ സ്വയം വിട്ടുവീഴ്ചകൾ ചെയ്തുവെങ്കിലും ഇസ്രയേലിനും അമേരിക്കക്കും ദല്ലാൾപണി നടത്തിയ ഫതഹും നേതാവ് അബൂ മാസിനും തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയെ നീക്കം ചെയ്ത് സ്വന്തം കക്ഷിയിലെ പ്രധാനമന്ത്രിയെ അവരോധിച്ചുവെന്നു മാത്രമല്ല, മക്കാ കരാറിന്റെ മറവിൽ ഹമാസിന്റെ ശക്തികേന്ദ്രമായ ഗസ്സയിൽ ഹമാസിനെ സായുധമായി വിപാടനം ചെയ്യാൻ ഒരുക്കം കൂട്ടുകയും ചെയ്തു. അമേരിക്കയും ഇസ്രയേലും നൽകിയ വൻ ആയുധങ്ങൾ ഗസ്സയിലേക്ക് ഒഴുകി. സംഭവവികാസങ്ങൾ നിരീക്ഷിച്ചുകൊണ്ടിരുന്ന ഹമാസിന്റെ സമർഥമായ നേതൃത്വം, ഇനി ഇടപെട്ടില്ലെങ്കിൽ തങ്ങൾ പൂർണമായി നശിപ്പിക്കപ്പെടും എന്ന് തോന്നിയ സാഹചര്യത്തിലാണ് ഗസ്സക്കുമേൽ പൊടുന്നനെ ആധിപത്യം നേടുന്നതും ആയുധങ്ങളും ഗൂഢാലോചനാ രേഖകളും പിടിച്ചെടുക്കുന്നതും.

പാകിസ്താനിൽ ജമാഅത്തെ ഇസ്ലാമി മുൻ കൈയെടുത്ത് രൂപം കൊണ്ട എം.എം.എ (മുത്തഹിദ മജ്ലിസെ അമൽ) പാക് രാഷ്ട്രീയത്തിൽ ഇടപെടലുകളുടെ ശക്തി വർധിപ്പിച്ചത്, ബംഗ്ലാദേശിൽ ഭരണസഖ്യത്തിൽ പങ്കാളിയായിരുന്ന ജമാഅത്തെ ഇസ്ലാമി പാർലമെന്റ് പിരിച്ചുവിടപ്പെട്ട് രാഷ്ട്രീയപാർട്ടികൾ അപ്രസക്തമായികൊണ്ടിരിക്കുന്ന സാഹചര്യത്തിലും വമ്പിച്ച ജനസേവന - വികസന സംരംഭങ്ങളിലൂടെ പൊതുസമൂഹത്തിൽ സാന്നിധ്യമുറപ്പിക്കുന്നത്, കുവൈത്ത്, ബഹ്റൈൻ, യമൻ, മൗറിത്താനിയ തുടങ്ങിയ രാജ്യങ്ങളിൽ ഇസ്ലാമിസ്റ്റുകൾ പാർലമെന്റുകളിൽ ഇസ്ലാമിക അജണ്ടകൾ ഉയർത്തിപ്പിടിച്ച് പോരാടുന്നത്, സുഡാനിലും ഇറാനിലും ഭരണത്തിലൂടെയും ഇറാഖിലും അഫ്ഗാനിലും പോരാട്ട ഭൂമികളിലൂടെയും സാമ്രാജ്യത്വത്തിന് ഇസ്ലാം ഭീഷണിയുയർത്തുന്നത്, അമേരിക്കയിലും യൂറോപ്പിലും ഉപജാപങ്ങൾക്കിടയിലും ഐഡന്റിറ്റി കൈവിടാതെയും എന്നാൽ സമൂഹത്തിൽ ലയിച്ചുചേർന്നും ഇസ്ലാമിസ്റ്റുകൾ നടത്തുന്ന ചിട്ടയായ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യത- എന്നിങ്ങനെ ഒട്ടേറെ ശുഭകരമായ ചിത്രങ്ങൾ കോറിയിട്ടുകൊണ്ടാണ് 2007 കടന്നുപോയത്.

20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സയ്യിദ് അബുൽഅഅ്ലാ മൗദൂദിയും ഇമാം ശഹീദ് ഹസനുൽ ബന്നായും പാകിയ വിത്ത് മുളച്ചു വിടർന്നു തുടങ്ങിയപ്പോൾ പിഴുതെറിയാൻ നടത്തിയ കൊണ്ടുപിടിച്ച ശ്രമങ്ങൾ മൂക്കുകുത്തി വീഴുന്നതും അത് കായ്ക്കുന്ന വടവൃക്ഷമായി വളർന്ന് വികസിക്കുന്നതുമാണ് ഒടുവിലത്തെ കാഴ്ച. ■